# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -T 2690 — 10.07.2015- ലെ മറുപടിക്ക്

### ദീർഘവീക്ഷണ പ്ലാൻ 2030

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.ദിവാകരൻ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ദീർഘവീക്ഷണ പ്ലാൻ 2030 ന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കാമോ;എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | (എ) | നോർഡിക് രാജ്യങ്ങളായ ഫിൻലാന്റ്, നോർവേ, ഡെൻമാർക്ക്, സ്വീഡൻ എന്നീരാജ്യങ്ങളിലേതിന് തുല്യമായ നിലയിലുള്ള 'സുസ്ഥിര അഭിവൃദ്ധി' സംസ്ഥാനത്തിന് കൈവരുത്തുക എന്ന ദൗത്യം ആണ് പരിപ്രേക്ഷ്യ പദ്ധതി 2030 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സുസ്ഥിര അഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട്. സാമ്പത്തിക അഭിവൃദ്ധി, മാനവിക അഭിവൃദ്ധി, സാമൂഹിക അഭിവൃദ്ധി, ഹരിത സുസ്ഥിരത. മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൽ അടുത്ത 20 വർഷം 7.5 ശതമാനം കൂട്ടു വാർഷിക വളർച്ചാനിരക്ക് (സി.എ.ജി.ആർ) കൈവരിക്കുന്നതിനും പ്രതിശീർഷ വരുമാനം ഇപ്പോഴത്തെ 4763 അമേരിക്കൻ ഡോളറിൽ (2005-ലെ പർച്ചേസിംഗ് പവ്വർ പാരിറ്റി അടിസ്ഥാനമാക്കിയുള്ളത്) നിന്നും 2030-ഓടുകൂടി 19,000 അമേരിക്കൻ ഡോളറും 2040-ഓടുകൂടി 36,000 അമേരിക്കൻ ഡോളറും ആക്കി ഉയർത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ.